പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2395.

08.07.2015 ന് മറുപടിയ്ക്ക്.

*മാറഞ്ചേരി ഗവ: ITI- യ്ക്ക് കെട്ടിടം*

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പി.ശ്രീരാമകൃഷ്ണൻ : | ശ്രീ. ഷിബു ബേബിജോൺ<br>(തൊഴിലും നൈപുണ്യവും വകുപ്പ് മന്ത്രി) |
| (എ) പൊന്നാനി മണ്ഡലത്തിലെ മാറഞ്ചേരി ഗവ: ITI- യ്ക്ക് സ്വന്തമായി കെട്ടിടം ഇല്ലാത്തത് മൂലം പ്രയാസ പ്പെടുന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;<br><br>(ബി) പ്രസ്തുത ITI -യ്ക്ക് കെട്ടിടം പണിയുന്നതിനുള്ള നടപടികൾ ഏതു ഘട്ടത്തിലാണെന്ന് അറിയിക്കാമോ;<br><br>(സി) പഞ്ചായത്ത് നൽകിയ സ്ഥലം തൊഴിൽ വകുപ്പ് ഏറ്റെടുത്തിട്ടുണ്ടോ;<br><br>(ഡി) പ്രസ്തുത സ്ഥലത്ത് കെട്ടിടം പണിയുന്നതിന് അടിയന്തിര നടപടി സ്വീകരിക്കാമോ? | *(എ) യും (ബി) യും (സി) യും (ഡി) യും* - മാറഞ്ചേരി വില്ലേജിലെ റീ-സർവ്വെ നമ്പർ.135/4 ൽപ്പെട്ട 50 സെന്റ് സ്ഥലവും അതിലുള്ള കെട്ടിടങ്ങളും ഉൾപ്പെടെ വ്യാവസായിക പരിശീലന വകുപ്പിന് കൈമാറുന്നതിന് ജി.ഒ (ആർടി)നം. 1895/14/ത.സ്വ.ഭ.വ. തീയതി 19.7.2014 പ്രകാരം ഗ്രാമപഞ്ചായത്തിന് അനുമതി നൽകി ഉത്തര വായിട്ടുണ്ട്. ജി.ഒ. (എം.എസ്) നമ്പർ. 174/11/റവന്യൂ തീയതി 2.5.2011 ഉത്തരവ്, 8.5.2013 ലെ എൽ.ആർ.കെ.2-18287/12 നമ്പർ സർക്കുലർ എന്നിവ പ്രകാരം സേവന വകുപ്പുകൾ തമ്മിലുള്ള ഭൂമി കൈമാറ്റം റവന്യൂ വകുപ്പ് വഴി മാത്രമേ നടത്താവൂ എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. സ്ഥലം വകുപ്പിന് ലഭിക്കുന്നതിന് റവന്യൂ വകുപ്പിൽ നടപടികൾ പൂർത്തീകരിക്കേണ്ടതുണ്ട്. ആയത് പൂർത്തീകരിച്ച് സ്ഥലം വകുപ്പിന് ലഭ്യമാകുന്ന മുറയ്ക്ക് കെട്ടിടം പണിയുന്നതിന് നടപടി സ്വീകരി ക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ